LIBRARY ARCHIVES Kerala Legislative Assembly

**വ്യാജമദ്യ നിർമ്മാണം തടയാൻ നടപടി**

387 (3415) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യ നിർമ്മാണം തടയുന്നതിനായി സ്വീകരിച്ച പൊതുവായ നടപടികൾ വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വ്യാജമദ്യ നിർമ്മാണം തടയുന്നതിനായി എല്ലാ ജില്ലകളിലും റേഞ്ച്/സർക്കിൾ തലങ്ങളിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും സ്പെക്കിംഗ് ഫോഴ്സ് എന്ന പേരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് ഗ്രൂപ്പുകളും പ്രവർത്തിക്കുന്നുണ്ട്. ടി ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ശക്തമായ വാഹനപരിശോധന നടത്തുകയും പരാതികളുടേയും രഹസ്യ വിവരങ്ങളുടേയും അടിസ്ഥാനത്തിൽ വ്യാജമദ്യ നിർമ്മാണ പ്രവൃത്തികൾ തടയുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. എല്ലാ ജില്ലകളിലും എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ എൻഫോഴ്സ്മെന്റ് വിഭാഗവും സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗവും എക്സൈസ് ഇന്റലിജൻസ് വിഭാഗവും ഇതിനെതിരെ ശക്തമായി പ്രവർത്തിച്ചുവരുന്നുണ്ട്. വനമേഖലയിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി ചേർന്നും തീരദേശ മേഖലയിൽ തീരദേശ പോലീസുമായി ചേർന്നും സംയുക്ത റെയ്ഡുകൾ നടത്തിയും ചെക്ക് പോസ്റ്റുകൾ ആധുനികവൽക്കരിച്ച് വാഹനപരിശോധന കർശനമാക്കിയും അന്യസംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ ബോർഡർ പട്രോളിംഗ് നടത്തിയും വ്യാജമദ്യ നിർമ്മാണ-വിതരണ പ്രവർത്തനങ്ങളെ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പഞ്ചായത്തുതലത്തിൽ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിലും നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.-മാർ അദ്ധ്യക്ഷന്മാരായും വ്യാജമദ്യ നിയന്ത്രണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) ഉത്സവങ്ങൾ അടുത്തുവരുന്ന സാഹചര്യത്തിൽ വ്യാജമദ്യ നിർമ്മാണവും വിതരണവും കൂടിവരാൻ സാദ്ധ്യതയുണ്ടെന്ന വസ്തുത കണക്കിലെടുത്ത് ഇത് തടയുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്സവകാലങ്ങളിലെ വ്യാജമദ്യ നിർമ്മാണവും വിതരണവും തടയുന്നതിനായി സ്പെഷ്യൽ ഡ്രൈവായി പ്രഖ്യാപിച്ച് പ്രത്യേക എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. എല്ലാ ജില്ലാ-താലൂക്ക് ആസ്ഥാനങ്ങളിലും എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ് കേന്ദ്രീകരിച്ചും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ജില്ലകളിലും സ്പെക്കിംഗ് ഫോഴ്സ് എന്ന പേരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള മദ്യ-മയക്കുമരുന്ന കടത്ത് തടയുന്നതിനായി സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗവും രഹസ്യ വിവരങ്ങൾ ലഭ്യമാക്കുന്നതിന് എക്സൈസ് ഇന്റലിജൻസ് വിഭാഗവും പ്രവർത്തിക്കുന്നു. ടെയിൻ മാർഗ്ഗമുള്ള കടത്ത് തടയുന്നതിന് ആർ.പി.എഫ്.-മായി ചേർന്നും തീരദേശ മേഖലയിൽ തീരദേശ പോലീസുമായി സഹകരിച്ചും വനമേഖലകൾ കേന്ദ്രീകരിച്ച് ഫോറസ്റ്റ്, റവന്യൂ വകുപ്പുമായി ചേർന്നും അയൽ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന മേഖലകളിൽ ശക്തമായ ബോർഡർ പട്രോളിംഗ് നടത്തിയും, അവിടങ്ങളിലെ പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരുമായി സഹകരിച്ച് സംയുക്ത പരിശോധനകൾ നടത്തിവരുന്നുണ്ട്. പൊതുജനങ്ങളിൽനിന്ന് വിവരങ്ങൾ ലഭിക്കുന്നതിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെയും ഓഫീസുകളുടെയും ഫോൺ നമ്പരുകൾ പത്രക്കുറിപ്പ് വഴി നൽകുന്നുണ്ട്.

**അനധികൃത മദ്യ ഉല്പാദനം**

388 (3416) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2015 മുതൽ അനധികൃത മദ്യം ഉല്പാദിപ്പിച്ചതിനും അനധികൃത മദ്യം കൈവശം വച്ചതിനും കടത്തിക്കൊണ്ട് വന്നതിനും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ വാഹനങ്ങളിൽ കൊണ്ടുവന്ന സ്പിരിറ്റ്, നൂറ് ലിറ്ററിൽ കൂടുതൽ മദ്യം തൊണ്ടിമുതലായത് എന്നിങ്ങനെ എത്ര കേസ്സുകളുണ്ട് എന്ന് വിശദമാക്കുമോ?

2015 മുതൽ അനധികൃത മദ്യം ഉല്പാദിപ്പിച്ചതിനും കൈവശം വച്ചതിനും കടത്തിക്കൊണ്ട് വന്നതിനും 23770 കേസ്സുകളും വാഹനങ്ങളിൽ സ്പിരിറ്റ് കടത്തിക്കൊണ്ട് വന്നതിന് 31 കേസ്സുകളും 100 ലിറ്ററിൽ കൂടുതൽ മദ്യം തൊണ്ടിമുതലായി കണ്ടെടുത്തതിന് 130 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ കേസ്സുകളിൽ എത്ര എണ്ണം ശിക്ഷിച്ചിട്ടുണ്ട്; ആയതിൽ എത്ര എണ്ണത്തിൽ പിഴയായ ഒരു ലക്ഷം രൂപ ഒടുക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?